"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ നാല് ബഡ്സ് സ്കൂളുകൾ കൂടി സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് കേരള സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.35/2024/SJD തീയതി,തിരുവനന്തപുരം, 03-02-2024

---

പരാമർശം:-

1. 11.02.2020-ലെ സ. ഉ. (സാധാ) നമ്പർ. 70/2020/സാ.നീ.വ സർക്കാർ ഉത്തരവ്
2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.07.2023, 02.12.2023, 09.01.2024 എന്നീ തീയതികളിലെ കെ.എസ്.എസ്.എം/20/2023-പി.5 നമ്പർ കത്തുകൾ
3. 02.11.2023-ലെ സ. ഉ. (സാധാ) നമ്പർ. 220/2023/സാ.നീ.വ സർക്കാർ ഉത്തരവ്

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 20.03.2018-ൽ നടന്ന യോഗത്തിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ/പഞ്ചായത്തുകളിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 10 ബഡ്സ് സ്കൂളുകൾ പൂർണ്ണമായും സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി മാതൃക ശിശു പുനരധിവാസ കേന്ദ്രങ്ങളായി (Model Child Rehabilitation Centre -MCRC) ഉയർത്തുന്നതിനായുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ പണിപൂർത്തീകരിച്ച മുളിയാർ, കാറഡുക്ക, ബെള്ളർ, കുമ്പഡാജെ, കയ്യൂർ-ചീമേനി എന്നി അഞ്ചു ബഡ്സ് സ്കൂളുകൾ സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് മാതൃകാ ശിശു പുനരധിവാസ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായുള്ള തുടർപ്രവർത്തനങ്ങൾ കേരള സാമൂഹ്യ സുരക്ഷാ മിഷനെ ഏല്പിച്ചുകൊണ്ടു പരാമർശം 1-പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കേരള സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയ ബഡ്സ് സ്കൂളുകൾക്ക് പുറമേ,

എൻമകജെ, പനത്തടി, ബദിയടുക്ക, കള്ളാർ എന്നീ പഞ്ചായത്തുകളിലെ 4 ബഡ്സ് സ്കൂളുകൾ കൂടി സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് കേരള സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 2-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു. കൂടാതെ പ്രസ്തുത ഏറ്റെടുക്കൽ പ്രവർത്തനത്തിന് ആകെ 1,86,15,804/- രൂപ ചെലവാകുമെന്നും ആയത് 2023-2024 സാമ്പത്തിക വർഷത്തെ 2235-60-200-72-04-പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 17,00,00,000/- രൂപയിൽ നിന്ന് കണ്ടെത്താവുന്നതാണെന്നും ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലെ എൻമകജെ, പനത്തടി, ബദിയടുക്ക, കള്ളാർ എന്നീ പഞ്ചായത്തുകളിലെ 4 (നാല്) ബഡ്സ് സ്കൂളുകൾ കൂടി സംസ്ഥാന സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് കേരള സാമൂഹ്യ സുരക്ഷാ മിഷന് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഏറ്റെടുക്കൽ പ്രവർത്തനത്തിന് ആവശ്യമായ ആകെ തുകയായ 1,86,15,804/- രൂപ 2023-2024 സാമ്പത്തിക വർഷത്തെ 2235-60-200-72-04-പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും പരാമർശം 3-ലെ സർക്കാർ ഭരണാനുമതി ഉത്തരവിൻപ്രകാരം മാതൃക ശിശു പുനരധിവാസ കേന്ദ്രങ്ങളുടെ (എം.സി.ആർ.സി) പ്രവർത്തനത്തിനു അനുവദിച്ചിട്ടുള്ള തുകയിൽ (5,04,37,546/- രൂപ) നിന്ന് കണ്ടെത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദിലീപ് കുമാർ.റ്റി.ഐ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ,
പൂജപ്പുര, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ഓഡിറ്റ്/), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin.s.d.
Date: 03-02-2024 17:19:06
സെക്ഷൻ ഓഫീസർ